പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3645

15/03/2018 - ൽ മറുപടിക്ക്

## സഹകരണ വകുപ്പിന് ആസ്ഥാന മന്ദിരം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.എം.ഷാജി | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| എ) | സഹകരണ വകുപ്പിന്റെ ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിന് സംഭാവന കിട്ടിയ തുക എത്രയെന്ന് വ്യക്തമാക്കുമോ ; ഈ മന്ദിരം നിർമിക്കുന്നതിന് ആകെ ചെലവായ തുക എത്രയാണ്; | എ) | സംസ്ഥാനത്ത് സഹകരണ വകുപ്പിന്റെ ആസ്ഥാന മന്ദിര നിർമ്മാണത്തിന് സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ നിന്നും 77,11,58,037/- രൂപ സംഭാവനയിനത്തിൽ ലഭിച്ചിട്ടുണ്ട്. ഈ മന്ദിരം നിർമ്മിക്കുന്നതിന് നിർമ്മാണ ചുമതല ഏൽപ്പിച്ചിരുന്ന ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയ്ക്ക് നാളിതുവരെ നിർമ്മാണ ചിലവിനത്തിൽ 55,18,60,043/- രൂപ നൽകിയിട്ടുണ്ട്. ഫൈനൽ ബിൽ ലഭിച്ചിട്ടില്ല. |
| ബി) | ഈ മന്ദിരം നിർമ്മിക്കുന്നതിന് സഹകരണ വകുപ്പിന് കീഴിലുള്ള ഏതൊക്കെ ബോർഡുകൾ സംഭാവന നൽകിയിട്ടുണ്ട്; എത്ര വീതം ; | ബി) | 1. കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ വെൽഫെയർ ബോർഡ്-1,50,00,000/-<br>2. കേരള കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് ആന്റ് വെൽഫെയർ ഫണ്ട് ബോർഡ്, തിരുവനന്തപുരം-1,00,00,000/-<br>3. കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് പെൻഷൻ ബോർഡ്-2,00,00,000/-<br>4. കേരള കോ-ഓപ്പറേറ്റീവ് ഡെപ്പോസിറ്റ് ഗ്യാരന്റി ഫണ്ട് ബോർഡ്-1,00,00,000/- |
| സി) | ഏതൊക്കെ ബോർഡുകൾക്ക് ഈ കെട്ടിടത്തിൽ പ്രവർത്തന സൗകര്യം | സി) | കേരള സ്റ്റേറ്റ് കോ--ഓപ്പറേറ്റീവ് എംപ്ലോയീസ് പെൻഷൻ ബോർഡ്, കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡ്, കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് |

| | | | |
|---|---|---|---|
| | നൽകിയിട്ടുണ്ട്; ഇനി എത്ര സ്ഥാപനങ്ങൾക്ക് സൗകര്യം നൽകുമെന്ന് വ്യക്തമാക്കുമോ ; | | ഡെവലപ്മെന്റ് & വെൽഫെയർ ഫണ്ട് ബോർഡ്, കേരള കോ-ഓപ്പറേറ്റീവ് ഡെപ്പോസിറ്റ് ഗ്യാരന്റി ഫണ്ട് ബോർഡ് എന്നീ ബോർഡുകൾക്ക് സ്ഥലം അനുവദിച്ചിട്ടുണ്ട്.<br><br>കോ--ഓപ്പറേറ്റീവ് ട്രിബ്യൂണൽ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) തിരുവനന്തപുരം, കോ--ഓപ്പറേറ്റീവ് വിജിലൻസ് ജോയിന്റ് രജിസ്ട്രാർ (ജനറൽ) തിരുവനന്തപുരം, കോ-ഓപ്പറേറ്റീവ് ആർബിട്രേഷൻ കോർട്ട്, കോ-ഓപ്പറേറ്റീവ് ഓംബുഡ്സ്മാൻ ഓഫീസ്, തിരുവനന്തപുരം ജില്ലാ സഹകരണ വകുപ്പ് എംപ്ലോയീസ് സഹകരണ സംഘം എന്നീ സ്ഥാപനങ്ങൾക്ക് ടി കെട്ടിടത്തിൽ സ്ഥലം അനുവദിച്ച് നൽകിയിട്ടുണ്ട്. |
| ഡി) | ബോർഡുകൾ ആസ്ഥാനമന്ദിരത്തിലേക്ക് മാറുമ്പോൾ അവരിൽ നിന്ന് നിർമാണ ചെലവിലേക്ക് വാങ്ങിയ തുക വാടക ഇനത്തിൽ കുറവു ചെയ്ത് നൽകുമോ ; | ഡി) | ഇക്കാര്യം പരിശോധിക്കുന്നതാണ്. |
| ഇ) | തിരുവനന്തപുരം ജില്ലയിൽ സഹകരണ വകുപ്പിന് കീഴിലുള്ള എത്ര ഓഫീസുകൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ട്; അവ ആസ്ഥാനത്തേക്ക് മാറ്റാൻ എന്താണ് തടസ്സമെന്ന് വ്യക്തമാക്കുമോ; കെട്ടിട നിർമ്മാണ കമ്പനിയുമായി കേടുപാടുകൾ പരിഹരിക്കുന്നതിന് എന്തെങ്കിലും കരാറുണ്ടോ; എത്ര | ഇ) | ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) ആഫീസ്, തിരുവനന്തപുരം, ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസ്, സഹകരണ ഓംബുഡ്സ്മാൻ ഓഫീസ്, സഹകരണ ആർബിട്രേഷൻ കോടതി, സഹകരണ ട്രിബ്യൂണൽ, സഹകരണ വിജിലൻസ്, സഹകരണ ഇലക്ഷൻ കമ്മീഷന്‍ സഹകരണ പരീക്ഷാ ബോർഡ്, കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ വെൽഫെയർ ബോർഡ്, കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് & വെൽഫെയർ ഫണ്ട് ബോർഡ്, തിരുവനന്തപുരം,<br><br>കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് പെൻഷൻ ബോർഡ്, കേരള കോ-ഓപ്പറേറ്റീവ് ഡെപ്പോസിറ്റ് ഗ്യാരന്റി ഫണ്ട് ബോർഡ് എന്നിവ ഇപ്പോൾ വാടക കെട്ടിടത്തിൽ |

| | | | |
|---|---|---|---|
| | വർഷത്തേയ്ക്കാണെന്ന് വ്യക്തമാക്കുമോ? | | പ്രവർത്തിക്കുന്നുണ്ട്<br>സ്ഥലം അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങൾ മാറ്റുന്നതിനാവശ്യമായ ഇന്റീരിയർ വർക്ക് ചെയ്യുന്നതിനുള്ള കാലതാമസമാണ് അവ ആസ്ഥാനത്തേയ്ക്ക് മാറ്റുന്നതിനുള്ള തടസ്സം. ആയതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.<br>കെട്ടിടം നിർമ്മിച്ച ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘവുമായി കേട്ടുപാടുകൾ പരിഹരിക്കുന്നതിന് കരാർ ഒന്നും ഒപ്പ് വച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ